**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1257** **30-06-2026-ൽ മറുപടിയ്ക്ക്**

**താനൂർ സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജിലെ അധ്യാപക തസ്തികകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജ് താനൂരിൽ 2020 - 2021 അധ്യയന വർഷത്തിൽ മലയാളം ഇന്റഗ്രേറ്റഡ് എം. എം. പ്രോഗ്രാം ആരംഭിച്ചതിന്റെ ഭാഗമായി എത്ര അധ്യാപക തസ്തികകൾ പുനർവിന്യാസം (ഷിഫ്റ്റിംഗ് ) വഴി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

**മറുപടി:** 6 തസ്തികകൾ

**(ബി)** പ്രസ്തുത കോളേജിലെ മലയാള വിഭാഗത്തിന്റെ ജോലിഭാരത്തിന് ആനുപാതികമായി ഏഴ് പുതിയ തസ്തികകൾ ലഭിക്കേണ്ടതായിരുന്നുവെന്നും ലഭിച്ച തസ്തികകൾക്കു പുറമേ ഒരു തസ്തിക കൂടി അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് കോളേജ് പ്രിൻസിപ്പൽ അപേക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്

**(സി)** 2026 നവംബർ 30 വരെ കാലാവധിയുള്ള അസിസ്റ്റന്റ് പ്രൊഫസർ ഇൻ മലയാളം റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭ്യമാകും വിധം ഒരു തസ്തിക കൂടി സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജ് താനൂരിലേക്ക് പുനർവിന്യസിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ;

**മറുപടി:** പുതുക്കിയ വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ ഒരു തസ്തിക സൃഷ്ടിക്കുന്നതിനോ നിലവിലുള്ള അധിക തസ്തിക പുനർവിന്യസിക്കുന്നതിനോ ഉള്ള പ്രൊപ്പോസൽ കോളേജിൽ നിന്ന് ലഭ്യമാകുന്നമുറയ്ക്ക്, ആയത് പരിഗണിക്കുന്നതാണ്.

**(ഡി)** ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ മലയാളം വിഷയത്തിൽ ആകെ എത്ര അധിക തസ്തികകൾ ഉണ്ടെന്നും അവ ഏതൊക്കെ കോളേജുകളിലാണെന്നും അറിയിക്കാമോ; പ്രസ്തുത തസ്തികകൾ റദ്ദാക്കുന്നതിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുൻപ് സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജ് താനൂരിലെ മലയാളം അധ്യാപക തസ്തിക സംബന്ധിച്ച പരാതികൾ പരിഹരിക്കുമോയെന്ന് അറിയിക്കാമോ?

**മറുപടി:** മലയാളം വിഭാഗത്തിൽ നിലവിൽ ഉള്ള അധികതസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കോളേജിന്റെ പേര് | അധിക തസ്തികകളുടെ എണ്ണം |
|---|---|
| സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | 1 |
| യൂണിവേഴ്സിറ്റി കോളേജ് , തിരുവനന്തപുരം | 3 |
| ഗവണ്മെന്റ് കോളേജ് , നെടുമങ്ങാട് | 1 |
| മഹാരാജാസ് കോളേജ്, എറണാകുളം | 1 |
| പി എം ഗവണ്മെന്റ് കോളേജ് , ചാലക്കുടി | 1 |
| ഗവണ്മെന്റ് ബ്രണ്ണൻ കോളേജ് , തലശ്ശേരി | 1 |
| **ആകെ** | **8** |

ആവശ്യമായ പ്രൊപ്പോസൽ സി. എച്ച് . മുഹമ്മദ് കോയ മെമ്മോറിയൽ ഗവ.കോളേജ് പ്രിൻസിപ്പാളിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക്, ആയത് പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**